(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി മേഖലയിൽ എത്ര ഗവൺമെന്റ് ഡഫ് ആന്റ് ഡംബ് സ്കൂളുകൾ ഉണ്ടെന്നും അവ ഏതെല്ലാം എന്നും അറിയാമോ;

(ബി) ബധിര-മൂക വിദ്യാലയങ്ങളിലെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ബധിര-മൂക വിദ്യാർത്ഥികൾക്കായുള്ള തിരുവനന്തപുരത്തെ ജഗതിയിലുള്ള ഗവൺമെന്റ് വി.എച്ച്.എസ്. ആന്റ് എച്ച്.എസ്.എസ്. ഫോർ ദി ഡഫ്-ലെ അദ്ധ്യാപകരിൽ ബി.എഡ്. യോഗ്യത ഇല്ലാത്ത ആകെ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന വിവരം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത തസ്തികകളിൽ പി.എസ്.സി. വഴി സ്ഥിരനിയമനം നടത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് മേഖലയിൽ ഒരു ഡഫ് ആന്റ് ഡംബ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) (1) 45 ശതമാനത്തോടെയുള്ള പി.ജി. ബിരുദം

(2) ബി. എഡ്.

(3) ബധിര-മൂക കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം. ഇത് സ്പെഷ്യൽ റൂൾസ് വരുന്നതിന് മുമ്പുള്ള യോഗ്യതകളാണ്. സ്പെഷ്യൽ റൂൾസിൽ ഇതു സംബന്ധിച്ച് പരാമർശമൊന്നുമില്ല.

(സി) ബി.എഡ്. യോഗ്യത ഇല്ലാത്ത സ്ഥിരം അദ്ധ്യാപകർ ആരും ഇല്ല.

(ഡി) ഗസ്റ്റ് ലക്ചറർമാരായി 2 പേർ ജോലി ചെയ്യുന്നു.

(ഇ) സ്വീകരിച്ചുവരുന്നു.

ചെമ്മണ്ണൂർ ജോസഫ് മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപികയുടെ നിയമനം

113 [5778] ശ്രീ. കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളിയിൽ സ്ഥിതിചെയ്യുന്ന ചെമ്മണ്ണൂർ ജോസഫ് മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഫിസിയോളജി വിഭാഗത്തിൽ അദ്ധ്യാപികയായ ലിസ പി. ജോർജ് എന്നൊരാൾ ജോലി നോക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ നിയമനം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ;

(സി) മറ്റു നിയമ തടസ്സമില്ലെങ്കിൽ ഇവരുടെ നിയമനത്തിന് അംഗീകാരം ലഭ്യമാക്കാൻ കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ലിസ പി. ജോർജ് എന്ന അദ്ധ്യാപിക പ്രസ്തുത സ്കൂളിൽ ജോലി നോക്കുന്നത് സൈക്കോളജി അദ്ധ്യാപികയായിട്ടാണ്. ഫിസിയോളജി എന്ന വിഷയം പ്ലസ് ടുവിന് ഇല്ല.

(ബി) അംഗീകരിച്ചിട്ടുണ്ട്.

(സി) നിയമനത്തിന് അംഗീകാരം നൽകുന്നതിനുള്ള എല്ലാ രേഖകളും സമർപ്പിച്ച തിനുശേഷം കാലതാമസം ഉണ്ടായിട്ടില്ല.

എയിഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ

114 [5779] ശ്രീ. വി. ബാലറാം:
,, ഡി. സുഗതൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, സി. പി. മുഹമ്മദ്:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാനത്തുള്ള സർവ്വകലാശാലകളുടെ നിലപാട് എന്തെന്ന് വിശദീകരിക്കാമോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായവും സംസ്ഥാനത്തുള്ള സർവ്വകലാശാലകളുടെ അഭിപ്രായവും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യമുണ്ടോ; ഉണ്ടെങ്കിൽ പ്രശ്നം ഏത് വിധത്തിൽ പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് എയ്ഡഡ് കോളേജുകളിൽ കഴിഞ്ഞ വർഷം സ്വാശ്രയാടിസ്ഥാനത്തിൽ മാത്രം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കു ന്നതിനോട് കേരള സർവ്വകലാശാല സെനറ്റും സിൻഡിക്കേറ്റും യോജിക്കുന്നില്ല. മറ്റു സർവ്വകലാശാലകൾ സർക്കാരിന്റെ നയപരമായ തീരുമാനമെന്ന നിലയ്ക്ക് സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് സ്വാശ്രയ കോഴ്സുകൾക്കും അഫിലിയേഷൻ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly